"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ കണ്ണാടി ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എസ്.ടി അധ്യാപക നിയമനത്തിന് സർക്കാർ പ്രതിനിധിയെ നാമനിർദ്ദേശം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസം (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.140/2026/GEDN** തീയതി,തിരുവനന്തപുരം, 05-01-2026

പരാമർശം:-

1. സ.ഉ.(എം.എസ്) നം.123/2014/പൊവിവ തീയതി 04.07.2014.
2. സ.ഉ.(എം.എസ്) നം.35/2016/പൊവിവ തീയതി 03.02.2016.
3. സ.ഉ.(എം.എസ്) നം.106/2017/പൊവിവ തീയതി 21.08.2017.
4. സ.ഉ.(സാധാ) നം. 3999/2017/പൊവിവ തീയതി 28.10.2017.
5. സ.ഉ.(സാധാ) നം. 4048/2025/പൊവിവ തീയതി,20.06.2025.
6. പാലക്കാട് കണ്ണാടി ഹയർ സെക്കണ്ടറി സ്കൂൾ മാനേജരുടെ 11/06/2025 തീയതിയിലെ അപേക്ഷ, 12/11/2025 തീയതിയിൽ പുന: സമർപ്പിച്ച അപേക്ഷ.
7. പൊതുവിദ്യാഭാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി വിഭാഗം) 03/12/2025 ലെ എച്ച്എസ്ഇ/25629/2025- എസിഡി സി1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കണ്ണാടി ഹയർ സെക്കണ്ടറി സ്കൂളിൽ ഒഴിവുള്ള ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന എച്ച്.എസ്.എസ്.ടി. തസ്തികകളിൽ നിയമനം നടത്തുന്നതിന് ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ. ജാഫർ എ. എം. നെ സർക്കാർ നോമിനിയായി അനുവദിക്കണമെന്നുള്ള സ്കൂൾ മാനേജരുടെ പരാമർശം (6) അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം) തുടർനടപടികൾക്കായി പരാമർശം (7) മുഖേന സമർപ്പിക്കുകയുണ്ടായി.

| ക്രമ നമ്പർ | തസ്തികയുടെ പേര് | ഒഴിവ് വന്ന രീതി, തീയതി | നിയമന രീതി |
|---|---|---|---|
| 1. | HSST സുവോളജി | 31/05/2023 തീയതിയിലെ വിരമിക്കൽ | നേരിട്ട് |
| 2. | HSST Jr കൊമേഴ്സ് | 31/05/2023 തീയതിയിലെ വിരമിക്കൽ | നേരിട്ട് (ഭിന്നശേഷി) |
| | | | |

| | | | |
|---|---|---|---|
| 3. | HSST ജ്യോഗ്രഫി | 31/05/2024 തീയതിയിലെ വിരമിക്കൽ | നേരിട്ട് |
| 4. | HSST കൊമേഴ്സ് | 31/05/2025 തീയതിയിലെ വിരമിക്കൽ | നേരിട്ട് (ഭിന്നശേഷി) |

**2.** സംസ്ഥാനത്ത് 2025-26 അദ്ധ്യയന വർഷത്തേക്കുള്ള എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ നിയമനങ്ങൾക്ക് സർക്കാർ പ്രതിനിധിയെ നിയോഗിക്കുന്നതിന് പരാമർശം (5) പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ പാനലിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ. ജാഫർ എ. എം., അഡീഷണൽ സെക്രട്ടറി (ക്രമ നം. 20) യെ പാലക്കാട് ജില്ലയിലെ കണ്ണാടി ഹയർ സെക്കണ്ടറി സ്കൂളിൽ ഒഴിവുള്ള (1) എച്ച്.എസ്.എസ്.ടി. സുവോളജി, (2) എച്ച്.എസ്.എസ്.ടി. ജ്യോഗ്രഫി, (3) എച്ച്.എസ്.എസ്.ടി. കൊമേഴ്സ്(ഭിന്നശേഷി ഉദ്യോഗാർഥിക്കായി സംവരണം ചെയ്തിട്ടുള്ളത്) , (4) എച്ച്.എസ്.എസ്.ടി. (ജൂനിയർ) കൊമേഴ്സ്(ഭിന്നശേഷി ഉദ്യോഗാർഥിക്കായി സംവരണം ചെയ്തിട്ടുള്ളത്) എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിനായി ടിയാളുടെ സമ്മതപത്രം, 2025-26 അദ്ധ്യയന വർഷം രണ്ടിൽ കൂടുതൽ സെലക്ഷൻ കമ്മിറ്റികളിൽ പങ്കെടുത്തിട്ടില്ല എന്ന സത്യവാങ്മൂലം, ബന്ധപ്പെട്ട രേഖകൾ എന്നിവ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം) ലഭ്യമാക്കുകയുണ്ടായി.

**3.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം XXXII ചട്ടം (5) കുറിപ്പിലെ വ്യവസ്ഥകൾ പ്രകാരം പാലക്കാട് ജില്ലയിലെ കണ്ണാടി ഹയർ സെക്കണ്ടറി സ്കൂളിൽ ഒഴിവുള്ള (1) എച്ച്.എസ്.എസ്.ടി. സുവോളജി, (2) എച്ച്.എസ്.എസ്.ടി. ജ്യോഗ്രഫി, (3) എച്ച്.എസ്.എസ്.ടി. കൊമേഴ്സ്(ഭിന്നശേഷി ഉദ്യോഗാർഥിക്കായി സംവരണം ചെയ്തിട്ടുള്ളത്) , (4) എച്ച്.എസ്.എസ്.ടി. (ജൂനിയർ) കൊമേഴ്സ്(ഭിന്നശേഷി ഉദ്യോഗാർഥിക്കായി സംവരണം ചെയ്തിട്ടുള്ളത്)എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയിൽ ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ. ജാഫർ എ. എം. (PEN: 100459) നെ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി നാമനിർദ്ദേശം ചെയ്ത് ഉത്തരവാകുന്നു.

a. നാമനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് അനുവദനീയമായ യാത്രാബത്ത / ദിനബത്ത ഇനത്തിലുള്ള ചെലവുകൾ മാനേജർ വഹിക്കേണ്ടതാണ്.
b. സർക്കാർ അനുവദിച്ച തസ്തികകളിലേക്കുള്ള നിയമനം മാത്രമാണ് നടത്തുന്നതെന്നും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം XXXII, 28.10.2017 തീയതിയിലെ സ.ഉ.(സാധാ) നം. 3999/2017/പൊ.വി.വ. ഉത്തരവ്, നിലവിലുള്ള മറ്റു സർക്കാർ ഉത്തരവുകൾ എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചാണ് നിയമനം നടത്തുന്നതെന്നും നാമനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനും നിയമനം അംഗീകരിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഉപ ഡയറക്ടറും ഉറപ്പു വരുത്തേണ്ടതാണ്.
c. നാമനിർദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ ടി സെലക്ഷൻ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങളുടെ പകർപ്പ് സഹിതം ഇന്റർവ്യൂ നടന്ന് 15 ദിവസത്തിനകം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

d. ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ/ കോടതി വിധിന്യായങ്ങൾ/പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തുന്നതിന് സെലക്ഷൻ കമ്മിറ്റി ശ്രദ്ധിക്കേണ്ടതും ആയത് ഗവ. പ്രതിനിധി ഉറപ്പാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം), തിരുവനന്തപുരം.
മേഖലാ ഉപമേധാവി, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, മലപ്പുറം.
ശ്രീ. ജാഫർ എ.എം., അഡീഷണൽ സെക്രട്ടറി, ധന വകുപ്പ്.
മാനേജർ, കണ്ണാടി ഹയർ സെക്കണ്ടറി സ്കൂൾ, പാലക്കാട്.
വെബ് & ന്യൂ മീഡിയ, ഐ & പി ആർ വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 05-01-2026 16:49:09
സെക്ഷൻ ഓഫീസർ